പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6052 — 04/07/2019-ൽ മറുപടിക്ക്

## ഹൈസ്കൂൾ അദ്ധ്യാപക തസ്തിക

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.വി.ടി. ബൽറാം: | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ഹൈസ്കൂൾ അദ്ധ്യാപക റാങ്ക് ലിസ്റ്റ് നിലനിൽക്കേ പ്രസ്തുത തസ്തികയ്ക്കായി രൂപപ്പെടുന്ന ഒഴിവുകളിലേയ്ക്ക് സംരക്ഷിത അദ്ധ്യാപകരെ നിയമിക്കുവാനോ നിയമിക്കാതിരിക്കുവാനോ എന്തെങ്കിലും സർക്കാർ ഉത്തരവുകളോ സർക്കുലറുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കാമോ; | (എ) പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ റഗുലർ നിയമനം നടക്കുന്നതുവരെ താൽക്കാലികമായി സംരക്ഷിതാദ്ധ്യാപകരെ പുനർവിന്യസിക്കാൻ 5/8/2016 ലെ ജി.ഒ (പി) നം. 134/2016/പൊവിവ പ്രകാരം ഉത്തരവായിട്ടുണ്ട്. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചാലുടൻ തന്നെ ഇപ്രകാരം പുനർവിന്യസിക്കപ്പെട്ടിരിക്കുന്ന സംരക്ഷിത ജീവനക്കാരെ മറ്റ് ഒഴിവുകളിലേക്ക് മാറ്റണമെന്നും ഇപ്രകാരം പുനർ വിന്യാസം നടത്തുന്നതുമൂലം ഒഴിവുകൾ യഥാസമയം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാതിരിക്കരുതെന്നും എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നിർദ്ദേശവും നൽകിയിട്ടുണ്ട്. 5/8/2016-ലെ ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയിവയ്ക്കുന്നു. |
| (ബി) സെറ്റ് യോഗ്യത നേടിയ വ്യക്തിയ്ക്ക് എൽ.പി, യു.പി, ഹൈസ്കൂൾ എന്നിവിടങ്ങളിൽ പഠിപ്പിക്കുന്നതിന് കെ-ടെറ്റ് യോഗ്യത നേടണമോ; വിശദമാക്കാമോ; | (ബി) 9/3/2018 ലെ പരിപത്രം നമ്പർ 1866829/ ജെ3/2017/പൊവിവ പ്രകാരം സെറ്റ് യോഗ്യത നേടിയവരെ കെ-ടെറ്റ് കാറ്റഗറി I മുതൽ IV വരെ നേടുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ഉൾപ്പെടുന്ന പ്രസ്തുത സർക്കുലറിന്റെ പകർപ്പ് അനുബന്ധം II ആയി വയ്ക്കുന്നു. |
| (സി) സെറ്റ് യോഗ്യത നേടിയ യു.പി സ്കൂൾ അദ്ധ്യാപകർ, എച്ച്.എസ്.എ അദ്ധ്യാപകർ എന്നിവർക്ക് തസ്തിക മാറ്റം വഴി എച്ച്.എസ്.എസ്.ടി-ക്ക് അപേക്ഷിക്കാമോ; | (സി) അപേക്ഷിക്കാം. ഹയർ സെക്കന്ററി ടീച്ചർ (ജൂനിയർ) തസ്തികയിലെ 25% ഒഴിവുകൾ യോഗ്യത നേടിയ ഹൈസ്കൂൾ അദ്ധ്യാപകരുടെ തസ്തിക മാറ്റ നിയമനത്തിനായി മാറ്റിവച്ചിട്ടുണ്ട്. ഇവരുടെ അഭാവത്തിൽ യോഗ്യത നേടിയ എൽ.പി/യു.പി അദ്ധ്യാപകരെ പരിഗണിക്ക |

| | |
|---|---|
| തസ്തിക മാറ്റം വഴി നടത്തുന്ന എച്ച്.എസ്.എസ്.ടി നിയമനത്തിലെ റേഷ്യോ തരംതിരിച്ച് വ്യക്തമാക്കാമോ? | ന്നുണ്ട്. ഇതു കൂടാതെ ഹയർ സെക്കന്ററി ടീച്ചർ (സീനിയർ) തസ്തികയിലുണ്ടാകുന്ന ഒഴിവുകളിൽ യോഗ്യത നേടിയ ഹയർ സെക്കന്ററി ടീച്ചർ (ജൂനിയർ) അദ്ധ്യാപകരുടെ അഭാവത്തിൽ 1:3 എന്ന അനുപാതത്തിൽ യോഗ്യത നേടിയ ഹൈസ്കൂൾ അദ്ധ്യാപകർ, എൽ.പി/യു.പി അദ്ധ്യാപകർ എന്നിവരുടെ തസ്തിക മാറ്റ നിയമനത്തിനും പി.എസ്.സി മുഖേനയുള്ള നേരിട്ടുള്ള നിയമനത്തിനും പരിഗണിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - തസ്തിക നഷ്ടം സംഭവിച്ച സംരക്ഷിതാദ്ധ്യാപകരുടെ പുനർവിന്യാസം, 2016-17 അധ്യയനവർഷത്തെ തസ്തിക നിർണ്ണയം, എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ (പി) നം. 134/2016/പൊവിവ — തീയതി, തിരുവനന്തപുരം, 05.08.2016

പരാമർശം: 1 29.01.2016-ലെ സ.ഉ(പി) നം.29/16/പൊ.വി.വ

2 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17.06.2016, 29.06.2016 എന്നീ തീയതികളിലെ എച്ച് 2/35985/16/ഡി.പി.ഐ നമ്പർ കത്തുകൾ

**ഉത്തരവ്**

പരാമർശം ഒന്ന് പ്രകാരം എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ സംരക്ഷണം, തസ്തിക നിർണ്ണയം, അധിക/സംരക്ഷിതാദ്ധ്യാപകരുടെ പുനർവിന്യാസം മുതലായവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിരുന്നു. തസ്തിക നഷ്ടം സംഭവിച്ച സംരക്ഷിതാദ്ധ്യാപകരുടെ പുനർ വിന്യാസം, 2016-17 അധ്യയന വർഷത്തെ തസ്തിക നിർണ്ണയം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകണമെന്ന് പരാമർശം രണ്ട് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഇതിന്റെയടിസ്ഥാനത്തിൽ പരാമർശം (1) ലെ ഉത്തരവിലെ തസ്തികനിർണ്ണയത്തിന്റെ ഫലമായി തസ്തികനഷ്ടം സംഭവിച്ച സംരക്ഷിതാദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരെ പ്രസ്തുത ഉത്തരവിലെ ഖണ്ഡിക III (2)ലെ വ്യവസ്ഥകൾ ഉൾപ്പെടെ താഴെപ്പറയുന്ന രീതിയിൽ പുനർവിന്യസിക്കേണ്ടതാണ്.

i) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിർവഹണ ഉദ്യോഗസ്ഥരായി പ്രവർത്തിക്കുന്ന എൽ.പി/ യു.പി.സ്കൂളുകളിലെ പ്രധാനാദ്ധ്യാപകരെ സഹായിക്കുന്നതിന്

ii) എയ്ഡഡ്സ്കൂളുകളിൽ നിന്ന് എസ്.എസ്.എ തുടങ്ങിയ പ്രോജക്ടുകൾ ഉൾപ്പെടെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടിട്ടുള്ള എയ്ഡഡ് സ്കൂൾ അധ്യാപകരുടെ ഒഴിവുകളിൽ

iii) എസ്.എസ്.എയുടെ കീഴിൽ പഞ്ചായത്ത് തല ക്ലസ്റ്റർ കോഓർഡിനേറ്റർമാരായി ഒരേ മാനേജ്മെന്റിന് കീഴിലുള്ള അധ്യാപകർ തമ്മിലുള്ള സീനിയോറിറ്റി പാലിച്ച്

iv) ആർ.ടി.ഇ അനുസരിച്ച് എല്ലാവിദ്യാലയങ്ങളിലും സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ സേവനം ലഭ്യമാക്കേണ്ടതിനാൽ പുനർവിന്യസിക്കപ്പെടേണ്ടുന്ന കലാ കായിക പ്രവർത്തി പരിചയം തുന്നൽ തുടങ്ങിയ സ്പെഷ്യലിസ്റ്റ് അധ്യാപകരെ ഒന്നിലധികം സർക്കാർ/എയ്ഡഡ് സ്കൂളുകൾ ക്ലബ് ചെയ്തുകൊണ്ട് നിയമിക്കേണ്ടതാണ്. അങ്ങനെ ക്ലബ് ചെയ്യുമ്പോൾ യു.പി.വിഭാഗത്തിൽ നിയമിച്ചവരെ അതിന്റെ തന്നെ എൽ.പി.വിഭാഗത്തിലും തിരിച്ചും വിന്യസിക്കാവുന്നതാണ്.

v) ആർ.എം.എസ്.എ. സ്കൂളുകളിൽ അധികം വരുന്ന ഒഴിവുകളിൽ

vii) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അക്കാദമിക മോണിറ്ററിംഗ് സമിതികളിലേക്ക് നിയമിക്കപ്പെടുന്ന എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് പകരം (ക്ലാസ്സ് ചാർജ്ജിൽ നിന്നും ഒഴിവാക്കപ്പെട്ടവർ)

viii) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യാപകർ/അനധ്യാപകരായ ജനപ്രതിനിധികളുടെ ദീർഘകാലഅവധി ഒഴിവുകൾ ഉൾപ്പെടെ എയ്ഡഡ് അധ്യാപക/അനധ്യാപകരുടെ 3 മാസത്തിലധികമുള്ള എല്ലാ അവധി ഒഴിവുകളിലും

ix) ഇൻസർവ്വീസ് കോഴ്സുകൾക്ക് തെരഞ്ഞെടുക്കപ്പെടുന്ന അധ്യാപകർക്ക് പകരം ( 3 മാസത്തിൽ കൂടുതലുള്ള ഒഴിവിൽ)

x) പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ റഗുലർ നിയമനം നടക്കുന്നതുവരെ

xii) പുതുതായി ആരംഭിച്ച/അപ്ഗ്രേഡ് ചെയ്ത എയ്ഡഡ് സ്കൂളുകളിൽ 2016-17 വർഷം മുതൽ ഉണ്ടാകുന്ന ഒഴിവുകളിൽ

xiii) അനധ്യാപക സംരക്ഷിത ജീവനക്കാരെ എസ്.എസ്.എ., ആർ.എം.എസ്.എ തുടങ്ങിയ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ ഒഴിവുകളിൽ വിന്യസിക്കേണ്ടതാണ്.

3) പുനർ വിന്യാസത്തിന് ഏതെങ്കിലും തസ്തികയിലോ കാറ്റഗറിയിലോ ഒരു ജില്ലയിൽ സംരക്ഷിതഅദ്ധ്യാപകൻ ലഭ്യമല്ലായെങ്കിൽ ഇതരജില്ലയിലെ സംരക്ഷിതഅദ്ധ്യാപക പട്ടികയിൽ നിന്നും ലഭ്യമാക്കാനുള്ള ക്രമീകരണം പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

4) 2015-16 അധ്യയന വർഷത്തെ തസ്തിക നിർണ്ണയം തന്നെ 2016-17 അധ്യയന വർഷവും ബാധകമായിരിക്കുന്നതാണ്.

5) മേൽ നിർദ്ദേശങ്ങൾക്കനുസൃതമായി കെ.ഇ.ആർ-ൽ ആവശ്യമായ ഭേദഗതികൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ.പി.എം.മുഹമ്മദ് ഹനീഷ്**
**സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ/ഉപജില്ലാവിദ്യാഭ്യാസഓഫീസർമാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം,തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (28.07.2016 ലെ യു.ഒ. ഫയൽ നം. 271724/എഡ്യൂ.എ 1/16/ഫിൻ. പ്രകാരം.)
ഡയറക്ടർ, വിവരപൊതുജനസമ്പർക്ക വകുപ്പ്,തിരുവനന്തപുരം.
ഡയറക്ടർ, ഐടി @ സ്കൂൾ,തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും, സെക്ഷനുകൾക്കും.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സൂചന: 1

അനുബന്ധം - II

കേരള സർക്കാർ

നം. 1866829/ജെ3/17/പൊവിവ

തിരുവനന്തപുരം, തീയതി 09/03/2018

**പരിപത്രം**

വിഷയം:- പൊവിവ- കെ-ടെറ്റ് കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി - സ്പഷ്ടീകരണം - സംബന്ധിച്ച്.

സൂചന:- (1). സ.ഉ (പി) നം. 199/2011 തീയതി 1/10/2011.
(2). സ.ഉ (പി) നം. 244/2012/പൊവിവ തീയതി 25/07/2012.
(3). സ.ഉ (പി) നം. 294/2012/പൊവിവ തീയതി 20/09/2012.
(4). സ.ഉ (പി) നം. 145/2016/പൊവിവ തീയതി 30/08/2016.
(5). സ.ഉ (പി) നം. 206/2016/പൊവിവ തീയതി 08/12/2016.
(6). സ.ഉ (പി) നം. 7/2017/പൊവിവ തീയതി 07/04/2017
(7). ജി.ഒ (എം.എസ്) നം. 134/17/പൊവിവ തീയതി 30/10/2017.
(8) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 07/04/2017, 12/2/17 എന്നീ തീയതികളിലെ എച്ച്3/30197/2016/ഡിപിഐ നമ്പർ കത്ത്.

കേന്ദ്ര വിദ്യാഭ്യാസ അവകാശനിയമം നിലവിൽ വന്നതോടെ അദ്ധ്യാപക നിയമനങ്ങൾക്ക് കെ-ടെറ്റ് നിർബന്ധിത യോഗ്യതയായി നിശ്ചയിച്ച് സൂചന ഒന്ന് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. രണ്ടു മുതൽ ആറുവരെ സൂചന ഉത്തരവുകൾ പ്രകാരം നിശ്ചിത സേവനവ്യവസ്ഥകളും യോഗ്യതകളും ഉള്ളവരെ കെ-ടെറ്റ് നേടുന്നതിൽ നിന്നും ഒഴിവാക്കി. ഇത് സംബന്ധിച്ച് കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനു മുമ്പ് പൊതുവിദ്യാഭ്യാസ ഡയറക്ടർ സൂചന എട്ട് പ്രകാരം ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത ആവശ്യപ്പെട്ടു ആയ് സർക്കാർ പരിശോധിച്ചു. ഇതുസംബന്ധിച്ച് താഴെപറയും പ്രകാരം സ്പഷ്ടീകരണം നൽകുന്നു.

1. C-TET പ്രൈമറി സ്റ്റേജ് പാസായവരെ കെ-ടെറ്റ് കാറ്റഗറി-I ൽ നിന്നും C-TET elementary stage പാസായവരെ കെ-ടെറ്റ് കാറ്റഗറി-II ൽ നിന്നും ഒഴിവാക്കാവുന്നതാണ്.
2. NET, SET, M.Phil, Ph.D, M.Ed എന്നീ യോഗ്യതകൾ നേടിയവരെ കെ-ടെറ്റ് കാറ്റഗറി I മുതൽ IV വരെ നേടുന്നതിൽ നിന്നും ഒഴിവാക്കാവുന്നതാണ്.
3. കെ-ടെറ്റ് കാറ്റഗറി III വിജയിച്ചവരെ കാറ്റഗറി II നേടുന്നതിൽ നിന്നും ഒഴിവാക്കാവുന്നതാണ്.
4. കെ-ടെറ്റ് കാറ്റഗറി I, II എന്നിവയിൽ ഏതെങ്കിലും ഒന്ന് വിജയിച്ചവരെ എൽ.പി, യു.പി അദ്ധ്യാപക നിയമനങ്ങൾക്ക് പരിഗണിക്കാവുന്നതാണ്.

5. 31/03/2012 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ച സർക്കാർ/എയ്ഡഡ് അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും പ്രൊമോഷൻ ലഭിക്കുമ്പോൾ അവർ കെ-ടെറ്റ് പാസാകണമെന്ന് നിർബന്ധമില്ല.

6. 2017-18 അക്കാദമിക് വർഷം സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 30 ദിവസത്തിലധികമുള്ളതും ഒരുവർഷത്തിൽ കുറവുള്ളതുമായ അവധി ഒഴിവുകളിൽ നടത്തുന്ന ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനങ്ങൾക്ക് കെ-ടെറ്റ് യോഗ്യതയുള്ളവർ ലഭ്യമായില്ലെങ്കിൽ കെ-ടെറ്റ് ഇല്ലാത്തവരെ പരിഗണിക്കാവുന്നതാണ്.

എച്ച്. നജീബ്
ജോയിന്റ് സെക്രട്ടറി

സ്വീകർത്താക്കൾ :

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ഇ.ആർ.റ്റി, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
(ആമുഖ കത്ത് മുഖേന)
എല്ലാ ഡെപ്യൂട്ടിഡയറക്ടർമാർക്കും/ജില്ലാവിദ്യാഭ്യാസഓഫീസർമാർക്കും / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ)/(പ്രസ്സ് റിലീസ്) വകുപ്പ്
(പ്രസിദ്ധീകരണത്തിന്)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും/സെക്ഷനുകളിലേക്കും.

പകർപ്പ്:

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പൊ.വി. കത്ത് നമ്പർ എച്ച്3/30197/16 തീയതി 21-3-2018

ഉത്തരവിന്റെ പകർപ്പ് എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെയും ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും അറിവിലേക്കും അനന്തര നടപടികൾക്കുമായി അയക്കുന്നു.

സ്വീകർത്താവ്
1) എല്ലാ DDE, DEO, AEO മാർക്കും
2) എക്സി. ഡയറക്ടർ & വൈസ് ചെയർമാൻ, KITE, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സെക്ഷൻ ഓഫീസർ